(4) മൂവാറ്റുപുഴവാലി ജലസേചന പദ്ധതി

ശ്രീ. വി. വി. ജോസഫ്: സർ, 1974-ൽ ആരംഭിച്ച മൂവാറ്റുപുഴവാലി ജലസേചനപദ്ധതിക്ക് പതിനൊന്നുവർഷക്കാലമായിട്ടും കാര്യമായ പുരോഗതിയൊന്നുമുണ്ടായിട്ടില്ല. കഴിഞ്ഞവർഷം ഈ പദ്ധതിക്കുവേണ്ടി 175 ലക്ഷം രൂപ അനുവദിച്ചിരുന്നു. അത് തീരെ അപര്യാപ്തമായിരുന്നു. ഈ വർഷം കൂടുതൽ തുക അനുവദിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഞങ്ങൾക്ക് ഉറപ്പുനൽകുകയും ചെയ്തു. ഈ വർഷം ആദ്യം വെറും 40 ലക്ഷം രൂപയേ ഈ പദ്ധതിക്കുവേണ്ടി വകകൊള്ളിച്ചിരുന്നുള്ളു. അത് ശമ്പളം കൊടുക്കാൻ മാത്രമേ തികയുമായിരുന്നുള്ളു. ശക്തമായ നിവേദനങ്ങൾക്കുശേഷം രണ്ടേകാൽകോടി രൂപകൂടി ആ പദ്ധതിക്കുവേണ്ടി അനുവദിച്ചതാണ്. നിർഭാഗ്യവശാൽ, ഇപ്പോഴത് വെട്ടിക്കുറച്ച് ഒരുകോടി രൂപയായിരിക്കുകയാണ്. ഈ ഒരുകോടി രൂപ പ്രകാരമുള്ള ഈ വർഷത്തെ അലോട്ടുമെന്റ് മുഴുവനും കൊടുത്തുകഴിഞ്ഞു. ഇനി ഈ വർഷം കൊടുക്കാനില്ല. അതേസമയം മൂന്നുമാസത്തെ പണികൂടി തീർത്തതിന് 75 ലക്ഷം രൂപയുടെ ബില്ലുകൂടി കൊടുത്തുതീർക്കാനുണ്ട്. പക്ഷേ ഈ ഒരുകോടി രൂപപ്രകാരമുള്ള ഒരു അലോട്ടുമെന്റും ഇനി ഈ വർഷം കൊടുക്കാനില്ല. കൊടുക്കാൻ സാദ്ധ്യവുമില്ല. അതുകൊണ്ട് ഈ പദ്ധതിയുടെ നിർമ്മാണജോലികളും മുഴുവനും സ്തംഭനാവസ്ഥയിലാണ്. അതുപോലെ ഇതിനു സ്ഥലമെടുത്ത വകയിൽ ഒരു നല്ല തുക കൊടുക്കാനുമുണ്ട്. ഈ നിലയിൽപോയാൽ പത്തു വർഷം കഴിഞ്ഞാൽപ്പോലും ഈ പദ്ധതിയുടെ യാതൊരു പ്രവർത്തനവും പൂർത്തിയാക്കാൻ സാദ്ധ്യമല്ല. എറണാകുളം, ഇടുക്കി, കോട്ടയം എന്നീ ജില്ലകളുടെ കാർഷികമേഖലകളുടെ മുഖച്ഛായതന്നെ മാറ്റാൻ കഴിയുന്ന ഈ പദ്ധതിക്ക് ഈ വർഷം വെറും ഒരു കോടി രൂപ അനുവദിച്ചത് കൊടുത്തുകഴിഞ്ഞു. ഇനി നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ പണമില്ലാത്തതുകൊണ്ട്, വെട്ടിക്കുറച്ച തുക നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, 1985-86-ലെ ബഡ്ജറ്റിൽ ഈ പദ്ധതിക്കുവേണ്ടി 40 ലക്ഷം രൂപയേ അലോട്ടു ചെയ്തിട്ടുള്ളൂ. അതിനുള്ള പ്രധാന കാരണം, പഴയകാല പദ്ധതികൾ ഏഴെട്ടുകൊല്ലക്കാലം കൊണ്ടുതന്നെ പൂർത്തിയാക്കണമെന്നുള്ള ഉദ്ദേശത്തിന്റെയും പോളിസിയുടെയും ഭാഗമായി നമ്മുടെ സംസ്ഥാനത്തെ പഴയ പദ്ധതികൾക്ക് കൂടുതലായി പണം അലോട്ടു ചെയ്തു എന്നതാണ്. അങ്ങനെ വന്നപ്പോൾ പുതിയ ഇത്തരം പദ്ധതികൾക്ക് ഇക്കൊല്ലം പണം അലോട്ടു ചെയ്യാൻ സാധിക്കാതെ വന്നു. ഏതായാലും 48 കോടി രൂപയോളം ചെലവുവരുന്ന മൂവാറ്റുപുഴ ജലസേചനപദ്ധതി ഏഴാം പദ്ധതിയിൽത്തന്നെ പൂർത്തിയാക്കണമെങ്കിൽ ഇനിയും 27 കോടി രൂപയോളം ചെലവാക്കേണ്ടതായിട്ടുണ്ട്. 20 കോടി രൂപയേ ചെലവഴിച്ചിട്ടുള്ളൂ. അതുകൊണ്ട് ഏഴാം പദ്ധതിയിൽത്തന്നെ പൂർത്തിയാക്കണമെന്നുള്ള നിലയിൽ ഇതിനു കൂടുതൽ പ്രയോറിറ്റി കൊടുത്തുകൊണ്ട് അലോട്ടുമെന്റ് നടത്തണമെന്നു കരുതി. ഇടമലയാർ പദ്ധതി വളരെ കാര്യമായി ഇക്കൊല്ലം മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ലെന്നുള്ളതുകൊണ്ട് അതിനുവേണ്ടി അലോട്ടു ചെയ്ത പണത്തിൽ ഒരു കോടി രൂപയോളം ഇതിലേയ്ക്ക് അലോട്ട് ചെയ്തുകൊണ്ട് പദ്ധതിയുടെ പണി നടത്താൻ ഉപയോഗിക്കാം. ഈ ഒരു കോടി രൂപ പോര എന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്, അവിടെ അറേഞ്ച് ചെയ്ത വർക്ക് നോക്കു

LIBRARY ARCHIVES Kerala Legislative Assembly

മ്പോഴും ഈ ഒരു കോടി രൂപ മതിയാകില്ല. ഈ സന്ദർഭത്തിൽ നമുക്ക് ഇത്രമേ ചെയ്യാൻ കഴിയൂ. കൂടുതലായി ഇറിഗേഷന് കേന്ദ്ര ഗവൺമെന്റിൽനിന്ന് കിട്ടാനുള്ള സാഹചര്യമുണ്ടെങ്കിൽ, അതുപോലെ ഏതെങ്കിലും പദ്ധതിയിൽ ചെലവഴിക്കാൻ കഴിയാതെ വന്നാൽ, റീഅലോട്ടുമെന്റിനെക്കുറിച്ച് ആലോചിച്ച് വല്ലതും അലോട്ടു ചെയ്യാൻ സാധിക്കുമോയെന്ന് പരിശോധിക്കുകയും ചെയ്യാമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. അതുകൊണ്ടാണ് കൂടുതൽ പണം ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാൻ കഴിയാതിരുന്നത്.

## (5) വേണുഗോപാലക്കുറുപ്പിന്റെ വീടിനുനേർക്കുണ്ടായ ബോംബാക്രമണം

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ജനതാ പാർട്ടിയുടെയും കിസാൻ ജനതയുടെയും പ്രവർത്തകനായ, ഒരു സ്കൂൾ അദ്ധ്യാപകനായ, വടകര താലൂക്കിലെ ഇരിങ്ങന്നൂരിലെ സഖാവ് വേണുഗോപാലക്കുറുപ്പിന്റെ വീട് കഴിഞ്ഞ 13-ാം തീയതി വെളുപ്പിന് ആക്രമണത്തിന് വിധേയമായി. മീൻ പിടിക്കാൻ ഉപയോഗിക്കുന്ന രണ്ട് ഡൈനമൈറ് പോലെയുള്ള ചെറിയ ബോംബുകൾ വീടിന്റെ കുളിമുറിയുടെ ഭാഗത്തും കിടപ്പുമുറിയുടെ ഭാഗത്തും വച്ച് പൊട്ടിച്ചു. ഞാൻ ആ സ്ഥലം 15-ാം തീയതി സന്ദർശിച്ചു. എല്ലാ പാർട്ടിയുടെയും പ്രവർത്തകൻമാർ ആ പ്രദേശത്ത് പോയിട്ടുണ്ട്. ഈ സംഭവം നടന്നപ്പോൾ ശ്രീ. വേണുഗോപാലക്കുറുപ്പും അദ്ദേഹത്തിന്റെ കുടുംബവും അവിടെയില്ലായിരുന്നു. സംഭവം ഉടൻതന്നെപോലീസിന് റിപ്പോർട്ട്ചെയ്യുകയും പിന്നീട് അദ്ദേഹം പോലീസിന് പരാതി കൊടുക്കുകയും ചെയ്തുവെങ്കിലും ഇന്നേവരെയായി പോലീസ് ആരെയെങ്കിലും കസ്റ്റഡിയിൽ എടുത്തതായോ ചോദ്യം ചെയ്തതായോ ശ്രീ. വേണുഗോപാലക്കുറുപ്പിനും അവിടെയുള്ളവർക്കും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. പോലീസിന്റെ അനാസ്ഥക്കെതിരായി ഈ 3-ാം തീയതി നാദാപുരം പോലീസ്സ്റ്റേഷന്റെ മുമ്പിലും കോഴിക്കോട് റൂറൽ എസ്. പി. ആഫീസിന്റെ മുമ്പിലും ജനതാപാർട്ടി പ്രവർത്തകൻമാർ ധർണ സംഘടിപ്പിച്ചു. ഈ കാര്യത്തിൽ അടിയന്തിരമായി അന്വേഷിച്ച് ആരാണ് കുറ്റവാളിയെന്നു കണ്ടുപിടിക്കുവാൻ സാധിക്കുകയാണെങ്കിൽ കണ്ടുപിടിച്ചു വേണ്ട നടപടികളും സ്വീകരിക്കണം. ഗവൺമെന്റിന്റെയും പോലീസിന്റെയും അനാസ്ഥ ആ പ്രദേശത്തെ ജനങ്ങളിൽ വളരെയധികം ആശങ്കയുണ്ടാക്കുന്നുണ്ട് എന്ന് പറഞ്ഞുകൊണ്ട് ഞാൻ ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, കോഴിക്കോട് ജില്ലയിലെ നാദാപുരത്ത് ഇരിങ്ങന്നൂർ എന്ന സ്ഥലത്താണ് ഈ സംഭവമുണ്ടായിട്ടുള്ളത്. അവിടെ രണ്ടു സഹോദരിമാരുണ്ട്—നാരായണിയും കമലവും. കമലം ജനതാപാർട്ടി അനുകൂലിയാണ്. നാരായണി പിൻതുണയ്ക്കുന്നത് മാർക്സിസ്റ്റ് പാർട്ടിയെയാണെന്നാണ് എനിക്ക് കിട്ടിയ വിവരം. ഏതായാലും അവരുടെ വസ്തുതർക്കത്തിൽ ഉണ്ടായ ഒരു കേസിന് സാക്ഷി പറഞ്ഞ ഒരാൾ മാത്രമാണ് ജനതാപാർട്ടി നേതാവായ ശ്രീ. വേണുഗോപാലക്കുറുപ്പ്. അദ്ദേഹം ഒരു കക്ഷിയല്ല; ഒരു കേസിന് സാക്ഷി പറഞ്ഞിട്ടുണ്ട് എന്നു മാത്രമേയുള്ളൂ. കോടതിവിധിയുടെ അടിസ്ഥാനത്തിലാണ് ശ്രീമതി കമലത്തിന് അവരുടെ വസ്തുവിൽ പോലീസ് സംരക്ഷണം കൊടുത്തിട്ടുള്ളത്. ഏതായാലും

LIBRARY ARCHIVES Kerala Legislative Assembly